# കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ

# പദ്ധതികളും പരിപാടികളും

നീണ്ടകാലമായി സ്ത്രീസമൂഹം അനുഭവിക്കുന്ന സാമൂഹികവും സാമ്പത്തികവുമായ പിന്നോക്കാവസ്ഥയെ ആസൂത്രിതമായ പദ്ധതികളിലൂടെ മാറ്റി എടുക്കുന്നതിനും കേരള സ്ത്രീകളുടെ സമഗ്രവികസനം സാദ്ധ്യമാക്കുന്നതിനും വേണ്ടി 1988 ഫെബ്രുവരിയിൽ കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തു പ്രവർത്തനമാരംഭിച്ച ഒരു പൊതുമേഖലാ സ്ഥാപനമാണ് കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ. സർഗ്ഗാത്മകമായ പദ്ധതികളിലൂടെ, സ്ത്രീയെ സാമ്പത്തിക സ്വാശ്രയത്തിന്റെ പടവുകളിലൂടെ അർഹമായ സാമൂഹികപദവിയിലേക്കുയർത്തുന്നതുവഴി കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ ഒരു സാമൂഹിക നവോത്ഥാനത്തിനാണ് നേതൃത്വം നൽകിക്കൊണ്ടിരിക്കുന്നത്. സാമ്പത്തികം, സാമൂഹികം, വിദ്യാഭ്യാസം, ആരോഗ്യം എന്നീ മേഖലകളിൽ കോർപ്പറേഷൻ ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്ന ബഹുമുഖപദ്ധതികളിലൂടെയും പ്രവർത്തനങ്ങളിലൂടെയും ഒന്നു കണ്ണോടിക്കുന്നവർക്ക് ഇക്കാര്യം ബോധ്യമാകും.

## വായ്പാ പദ്ധതികൾ

വിവിധ സാമ്പത്തിക വികസന പദ്ധതികളുടെ കൂട്ടത്തിൽ വനിതാ വികസന കോർപ്പറേഷൻ വനിതകൾക്കുള്ള പലതരം വായ്പാ പദ്ധതികൾ നടപ്പിലാക്കി വരുന്നു. വളരെ കുറഞ്ഞ പലിശ നിരക്കിൽ (പ്രതിവർഷം 3% മുതൽ 8% വരെ) വായ്പ ലഭ്യമാക്കുന്നു എന്നതാണ് പദ്ധതിയുടെ പ്രത്യേകത. 18 നും 55 നും മദ്ധ്യേ പ്രായമുള്ള വനിതകൾക്ക് വായ്പയ്ക്ക് അപേക്ഷിക്കാം. വായ്പയ്ക്കുള്ള പ്രതിവർഷ കുടുംബ വരുമാന പരിധി നഗരപ്രദേശങ്ങളിൽ 55000/- രൂപയും ഗ്രാമപ്രദേശങ്ങളിൽ 40000/- രൂപയുമാണ്. എല്ലാ വായ്പകൾക്കും ഈട്/ജാമ്യം അനിവാര്യമാണ്.

താഴെ പറയുന്നവയാണ് വായ്പാ പദ്ധതികളിൽ പ്രധാനപ്പെട്ടവ :

### ന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള വായ്പാ പദ്ധതികൾ

ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ (NMDFC) പദ്ധതികൾ കേരളത്തിൽ നടപ്പിലാക്കുന്നതിനുള്ള ഒരു അംഗീകൃത ഏജൻസിയാണ് കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ. ഈ പദ്ധതി പ്രകാരം ഉൽപാദനക്ഷമമായ ഏത് പദ്ധതിക്കും ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട 18 നും 55 നും മദ്ധ്യേ പ്രായമുള്ള വനിതകൾക്ക് വായ്പാ ലഭ്യമാക്കുന്നതാണ്. പലിശ നിരക്ക് 6% മാത്രം. വായ്പാ തുക 60 മാസ തവണകളിലായി തിരിച്ചടക്കേണ്ടതാണ്. പരമാവധി അഞ്ചു ലക്ഷം രൂപ വരെയാണ് വായ്പ അനുവദിക്കുക. എന്നാൽ ഒരു

ലക്ഷത്തിന് മുകളിലുള്ള വായ്പകൾക്ക് കേന്ദ്ര ഏജൻസിയുടെ അംഗീകാരം നേടേണ്ടതുണ്ട്. പദ്ധതി ചെലവിന്റെ 5% തുക അപേക്ഷകരുടെ വിഹിതമായി സ്വരൂപിക്കേണ്ടതാണ്.

## പിന്നോക്ക വിഭാഗങ്ങൾക്കുള്ള വായ്പാ പദ്ധതികൾ

ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെ (NBCFDC) പദ്ധതികൾ കേരളത്തിൽ നടപ്പിലാക്കുന്നതിനുള്ള ഒരു അംഗീകൃത ഏജൻസിയാണ് കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ. പിന്നോക്ക സമുദായങ്ങളിലെ 18 നും 55 നും മദ്ധ്യേ പ്രായമുള്ള വനിതകൾക്ക് തൊഴിൽ സംരംഭം ആരംഭിക്കാനോ വിപുലീകരിക്കാനോ വായ്പ നൽകുന്നതാണ്.

വായ്പയിൽ മേൽ പ്രതിവർഷം 4 മുതൽ 6% വരെയാണ് പലിശ നിരക്ക്. വായ്പാ തുക 60 മാസ തവണകളിലായി തിരിച്ചടക്കേണ്ടതാണ്. പരമാവധി അഞ്ചു ലക്ഷം രൂപ വരെ വായ്പ ലഭിക്കും. എന്നാൽ ഒരു ലക്ഷത്തിന് മുകളിലുള്ള വായ്പകൾക്ക് കേന്ദ്ര കോർപ്പറേഷന്റെ മുൻകൂർ അനുവാദം നേടേണ്ടതുണ്ട്. പദ്ധതി ചെലവിന്റെ 5% തുക അപേക്ഷകരുടെ വിഹിതമായി സ്വരൂപിക്കേണ്ടതാണ്.

## പട്ടിക ജാതി വിഭാഗങ്ങൾക്കുള്ള വായ്പാ പദ്ധതികൾ

ദേശീയ പട്ടിക ജാതി വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെ (NSFDC) യുടെ പദ്ധതികൾ കേരളത്തിൽ നടപ്പിലാക്കുന്നതിനുള്ള ഒരു അംഗീകൃത ഏജൻസിയാണ് കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾക്ക് വായ്പ നൽകുന്നതാണ്. വായ്പയിൻമേൽ പ്രതിവർഷം 4% മുതൽ 6% വരെയാണ് പലിശ നിരക്ക്. വായ്പാ തുക 60 മാസ തവണകളിലായി തിരിച്ചടക്കേണ്ടതാണ്. റെഡിമെയിഡ് ഗാർമെൻസിനും ജനറൽ മെർക്കൻഡൈസിനും ഒരു ലക്ഷം രൂപ വരെ പ്രതിവർഷം 6% പലിശ നിരക്കിലും മഹിള സമൃദ്ധി യോജന പ്രകാരം 20000/-രൂപ വരെ പ്രതിവർഷം 4% പലിശ നിരക്കിലുമാണ് ഇപ്പോൾ വായ്പ നൽകുന്നത്.

## പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കുള്ള വായ്പാ പദ്ധതികൾ

ദേശീയ പട്ടിക വർഗ്ഗ വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെ (NSTFDC) യുടെ പദ്ധതികൾ കേരളത്തിൽ നടപ്പിലാക്കുന്നതിനുള്ള ഒരു അംഗീകൃത ഏജൻസിയാണ് കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ.

## മഹിളാ സമൃദ്ധി യോജന

ചെറിയ തോതിൽ സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി പിന്നോക്ക/ന്യൂന പക്ഷ/എസ്.സി./വിഭാഗങ്ങൾക്കായിട്ടുള്ള വനിതകൾക്ക് പരമാവധി 20,000 മുതൽ 25000 രൂപ വരെ വായ്പ നൽകും. പ്രതിവർഷ കുടുംബ വരുമാന പരിധി 55,000 (നഗരം) 40,000 (ഗ്രാമം). വായ്പയ്ക്കുള്ള പലിശ നിരക്ക് 4% ആണ്. വായ്പാ തുക 36 മാസ തവണകളിലായി തിരിച്ചട ക്കേണ്ടതാണ്.

## സ്വയം സാക്ഷം പദ്ധതി

പ്രൊഫഷണൽ സാങ്കേതിക പരിജ്ഞാനം നേടിയ വനിതകളുടെ ആത്മവിശ്വാസം വളർത്തുന്നതിന്, വിദ്യാഭ്യാസവും, പരിചയവും, പ്രയോജനപ്പെടുത്തി സ്വയം തൊഴിലിലൂടെ സാമ്പത്തിക സുരക്ഷ നേടുന്നതിനുള്ള വായ്പാ പദ്ധതിയാണ് ഇത്. പരമാവധി 5.00 ലക്ഷം രൂപ വരെ വായ്പാ നൽകും. പ്രായ പരിധി 18-35. പ്രൊഫഷണൽ/സാങ്കേതിക വിദ്യാഭ്യാസം നേടിയിരിക്കണം. പലിശ നിരക്ക് 5%. തിരിച്ചടവ് കാലാവധി 120 മാസം. വസ്തു ജാമ്യമോ, സർക്കാർ ഉദ്യോഗസ്ഥന്റെ ജാമ്യമോ ആവശ്യമാണ്.

## മൈക്രോ ഫൈനാൻസ് പദ്ധതി

ചെറുകിട തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനായി 75% എങ്കിലും പിന്നോക്ക/ ന്യൂന പക്ഷ/ പട്ടികജാതിയിലെ വനിതകൾ ഉൾപ്പെടുന്ന സ്വയം സഹായ സംഘങ്ങൾ വഴി വായ്പ കൾ നൽകുന്നു. ഒരു സ്വയം സഹായ സംഘത്തിൽ 10 മുതൽ 20 പേർ ഉണ്ടായിരിക്കണം. ഒരാൾക്ക് 25,000 രൂപ എന്ന നിരക്കിൽ ഒരു സംഘത്തിന് 2.50 ലക്ഷം മുതൽ 5 ലക്ഷം രൂപ വരെ വായ്പ ലഭിക്കും. തുക ലഭിച്ച് 3 മാസത്തിനകം ഉപയോഗിക്കണം. പരിസ്ഥിതി, കാലാവ സ്ഥ, അസംസ്കൃത വസ്തുക്കളുടെ ലഭ്യത എന്നിവയ്ക്കനുസരിച്ച് എന്തു പദ്ധതിയുമാകാം. വായ്പയ്ക്കുള്ള പലിശ നിരക്ക് 5%. തിരിച്ചടവ് കാലാവധി 36 മാസം.

## വിദ്യാഭ്യാസ വായ്പ

പിന്നോക്ക/ ന്യൂനപക്ഷ വിഭാഗത്തിലെ വനിതകൾക്ക് മാത്രം വായ്പ നൽകി വരുന്നു. വരുമാന പരിധി 55,000 (നഗരം), 40,000 (ഗ്രാമം). പ്രൊഫഷണൽ കോഴ്സ് അഡ്മിഷൻ

നേടിയിരിക്കണം. വികലാംഗർക്കും, യുദ്ധത്തിൽ മരിച്ച ഭടൻമാരുടെ ആശ്രിതർക്കും മുൻഗണന. പരമാവധി വായ്പാ തുക ന്യൂനപക്ഷ വിഭാഗക്കാർക്ക് 2.50 ലക്ഷം രൂപയും പിന്നോക്ക വിഭാഗക്കാർക്ക് 3 ലക്ഷവുമാണ്. പ്രതിവർഷം 50000/- മുതൽ 75000/- രൂപ വരെ മാത്രമേ വായ്പാ നൽകുകയുള്ളൂ. പഠന കാലാവധി പരമാവധി 5 വർഷം. ട്യൂഷൻ ഫീ, ബുക്കിന്റെ ചെലവ്, ഹോസ്റ്റൽ ഫീ, പരീക്ഷാ ഫീ, എന്നിവയ്ക്ക് വായ്പാ നൽകും. നേരിട്ട് പഠനസ്ഥാപനത്തിനാണ് തുക നൽകുക. വസ്തു ജാമ്യമോ, സർക്കാർ ഉദ്യോഗസ്ഥന്റെ ജാമ്യമോ ആവശ്യമാണ്. ന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള പലിശ നിരക്ക് മൂന്ന് ശതമാനവും പിന്നോക്ക വിഭാഗങ്ങൾക്കുള്ള പലിശ നിരക്ക് നാല് ശതമാനവുമാണ്.

## ബോധവൽക്കരണ പരിപാടികൾ

സ്ത്രീകൾ നേരിടേണ്ടിവരുന്ന സാമൂഹ്യപ്രശ്നങ്ങളേയും അവയ്ക്കുള്ള പരിഹാര മാർഗ്ഗങ്ങളേയും സംബന്ധിച്ച് ബോധവൽക്കരണ ക്യാമ്പുകളും, ഈ വിഷയത്തെ കുറിച്ച് ആധികാരികമായി സംവദിക്കുവാൻ കഴിവുള്ളവർ പങ്കെടുക്കുന്ന സെമിനാറുകളും നടത്തുന്നുണ്ട്. ഈ രംഗത്ത് പ്രവർത്തിക്കുന്ന വിവിധ ഏജൻസികളുടെയും സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെയും ഇത്തരം ക്യാമ്പുകളും സെമിനാറുകളും നടപ്പിലാക്കുന്നു.

## വിപണന മേളകൾ

ചെറുകിട വ്യവസായ യൂണിറ്റുകളുടെ നിലനിൽപ്പിനെ സംബന്ധിച്ചിടത്തോളം ഉല്പന്നങ്ങളുടെ വിപണനം ഒരു പ്രധാന പ്രശ്നമാണ്. ഉല്പന്നത്തിന് ഗുണമേന്മയുണ്ടെങ്കിലും അത് വിറ്റഴിക്കാനുള്ള സംവിധാനം, പരസ്യം, വിപണനക്രമം മുതലായവയുടെ അപര്യാപ്തത വനിതാ വ്യവസായ യൂണിറ്റുകളെ പരാജയത്തിലേയ്ക്ക് നയിക്കുന്നു. ഈ പ്രശ്നങ്ങൾക്ക് ഒരു പരിധിവരെയെങ്കിലും പരിഹാരം തേടുന്നതിനായി വനിതാ വ്യവസായ യൂണിറ്റുകളുടെ ഉൽപ്പന്നങ്ങൾക്കായുള്ള വിപണനമേളകൾ കോർപ്പറേഷൻ സംഘടിപ്പിക്കുന്നു. മറ്റ് ഏജൻസികൾ നടത്തുന്ന വിപണനമേളകളിൽ ഇത്തരം ഉല്പ്പന്നങ്ങൾക്ക് പ്രദർശന സൗകര്യം സൗജന്യമായി ഒരുക്കിക്കൊടുക്കുന്നുമുണ്ട്.

## വർക്കിംഗ് വിമെൻസ് ഹോസ്റ്റലുകൾ

നഗരപ്രദേശങ്ങളിൽ ജോലി ചെയ്യുന്ന വനിതാ ജീവനക്കാർക്ക് കുറഞ്ഞനിരക്കിൽ സുരക്ഷിതമായ താമസസൗകര്യം ലഭ്യമാക്കുന്നതിനായി കോർപ്പറേഷൻ താഴെ ചേർക്കുന്ന ഏഴ് വർക്കിംഗ് വിമെൻസ് ഹോസ്റ്റലുകൾ നേരിട്ട് നടത്തിവരുന്നു.

1. കെ.എസ്.ഡബ്ളിയു.ഡി.സി. വർക്കിംഗ് വിമെൻസ് ഹോസ്റ്റൽ
ഉപ്പളാംമൂട് പാലത്തിന് സമീപം
ശ്രീകണ്ഠേശ്വരം, തിരുവനന്തപുരം.
ഫോൺ: 9995458791.
2. കെ.എസ്.ഡബ്ളിയു.ഡി.സി. വർക്കിംഗ് വിമെൻസ് ഹോസ്റ്റൽ
ഗാന്ധിനഗർ, കടവന്ത്ര, എറണാകുളം
ഫോൺ: 0484- 2204773.
3. കെ.എസ്.ഡബ്ളിയു.ഡി.സി. വർക്കിംഗ് വിമെൻസ് ഹോസ്റ്റൽ
കുന്നുംപുറം, തൃക്കാക്കര, കാക്കനാട് പി.ഒ, കൊച്ചി-30
ഫോൺ: 0484- 2423858.
4. കെ.എസ്.ഡബ്ളിയു.ഡി.സി. വർക്കിംഗ് വിമെൻസ് ഹോസ്റ്റൽ
ഓഡിറ്റോറിയത്തിനടുത്ത്, മഞ്ചേരി.
ഫോൺ: 0483- 2768437.
5. കെ.എസ്.ഡബ്ളിയു.ഡി.സി. വർക്കിംഗ് വിമെൻസ് ഹോസ്റ്റൽ
പൂങ്കോട്ടുകുളം, തുഞ്ചൻ റോഡ്, തിരൂർ
ഫോൺ: 0494- 2426833.
6. കെ.എസ്.ഡബ്ളിയു.ഡി.സി. വർക്കിംഗ് വിമെൻസ് ഹോസ്റ്റൽ
മാനന്തവാടി പി.ഒ, വയനാട്
ഫോൺ: 0493- 5240150.
7. കെ.എസ്.ഡബ്ളിയു.ഡി.സി. വർക്കിംഗ് വിമെൻസ് ഹോസ്റ്റൽ
പള്ളിക്കുന്ന്, കണ്ണൂർ
ഫോൺ: 0497-2712077.

കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ ആരംഭിക്കുന്നതിന് സന്നദ്ധ സംഘടനകൾക്ക് കോർപ്പറേഷൻ മുഖേന അപേക്ഷിക്കാം. ഈ പദ്ധതിയുടെ സംസ്ഥാനതല നോഡൽ ഏജൻസിയായി കോർപ്പറേഷൻ പ്രവർത്തിക്കുന്നു. ഹോസ്റ്റൽ പണി യുന്നതിന് വസ്തു വാങ്ങാൻ 50% വരെയും കെട്ടിടം പണിയാൻ 75% വരെയും ധനസഹായം കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്നതാണ്.

## സ്റ്റെപ്പ് പദ്ധതി

കേന്ദ്ര സർക്കാരിന്റെ സ്റ്റെപ്പ് പദ്ധതി പ്രകാരം വനിതകൾക്ക് തൊഴിൽ പരിശീലനം നൽകാനും തൊഴിലിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും ഗ്രാന്റ്-ഇൻ-എയ്ഡ് നൽകുന്നു. വരുമാന സാധ്യതയുള്ള ഏത് പദ്ധതിക്കും ഈ ധനസഹായം ലഭിക്കുന്ന

താണ്. ഈ പദ്ധതിയുടെ സംസ്ഥാനതല നോഡൽ ഏജൻസിയാണ് വനിതാ വികസന കോർപ്പറേഷൻ.

മൂന്ന് വർഷത്തിൽ കൂടുതൽ വനിതാ ശാക്തീകരണ പരിപാടികളിൽ പ്രവർത്തന പരിചയമുള്ള സന്നദ്ധ സംഘടനകൾക്ക് കേന്ദ്ര സർക്കാരിന്റെ ഈ ധനസഹായത്തിന് അപേക്ഷിക്കാം. കുറഞ്ഞത് 500 ഗുണഭോക്താക്കൾക്ക് പ്രയോജനം കിട്ടത്തക്കവിധമായിരിക്കണം പദ്ധതി. പരമാവധി പദ്ധതി തുക ഒരു ഗുണഭോക്താവിന് 8000/- രൂപയെന്ന തോതിൽ 500 പേർ അടങ്ങുന്ന പദ്ധതിക്ക് പരമാവധി 40 ലക്ഷം രൂപയായിരിക്കണം. ഇതിൽ പരമാവധി 90 ശതമാനം കേന്ദ്ര സർക്കാരിന്റെ ധനസഹായവും 10 ശതമാനം സന്നദ്ധ സംഘടനയുടെ വിഹിതവുമായിരിക്കും. പദ്ധതി മൂന്ന് വർഷത്തിൽ കൂടുതൽ ദൈർഘ്യമുള്ളതാവാൻ പാടില്ല. കൃഷി, ഖാദി & ഗ്രാമീണ വ്യവസായം, മത്സ്യ ബന്ധനം, പാരമ്പര്യ തൊഴിൽ, മറ്റ് വരുമാന സാധ്യതയുള്ള മേഖലകൾ എന്നിവയെ അടിസ്ഥാനമാക്കി പദ്ധതികൾ തയ്യാറാക്കാവുന്നതാണ്.

### സ്വാധർ-ഷോർട്ട് സ്റ്റേ ഹോം പദ്ധതി

നിരാലംഭരായ വനിതകൾക്ക് അത്യാവശ്യ ഘട്ടങ്ങളിൽ സുരക്ഷിതമായി താമസിക്കാൻ കേന്ദ്ര സർക്കാരിന്റെ സ്വാധർ പദ്ധതിയിലെ ധനസഹായത്തോടെ ഷോർട്ട് സ്റ്റേ ഹോമുകൾ സ്ഥാപിക്കാവുന്നതാണ്. വനിതാ ശാക്തീകരണ പരിപാടികളിൽ മൂന്ന് വർഷത്തിൽ കൂടുതൽ പ്രവർത്തന പരിചയമുള്ള സന്നദ്ധ സംഘടനകൾക്ക് ഈ പദ്ധതിയുടെ ധനസഹായത്തിന് കോർപ്പറേഷൻ മുഖേന അപേക്ഷിക്കാം. ഈ പദ്ധതി പ്രകാരം കെട്ടിട വാടക, കെട്ടിട നിർമ്മാണം, അന്തേവാസികളുടെ ആഹാരം, മരുന്ന് എന്നിവ ഉൾപ്പെടുന്ന മറ്റ് ആവർത്തന ചെലവുകൾക്ക് ധനസഹായം ലഭിക്കുന്നതാണ്.

## പുതിയ പദ്ധതികൾ

### എംപ്ലോയ്മെന്റ് ആന്റ് ഫിനിഷിംഗ് സ്കൂൾ

കേരളീയ വനിതകൾ വിദ്യാസമ്പന്നരാണെങ്കിലും തൊഴിൽ മേഖലയിൽ ഇവരുടെ പ്രാതിനിധ്യം താരതമ്യേന കുറവാണ്. തൊഴിൽ /ജോലി നേടാൻ ആവശ്യമായ ചില ഗുണങ്ങളുടെ അഭാവം ഇവരിൽ കണ്ടുവരുന്നുണ്ട്. ആശയവിനിമയം, പെഴ്സണാലിറ്റി ഡവലപ്മെന്റ്, സാങ്കേതിക തൊഴിൽ നൈപുണ്യം എന്നിവ മെച്ചപ്പെടുത്തുന്നതിനും, തൊഴിൽ മേഖലയിൽ നിലവിലുള്ള ആവശ്യങ്ങൾക്കനുസരിച്ച് വനിതകളെ പ്രാപ്തരാക്കത്തക്കവിധം പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നു.

### കേരളീയ വനിതകൾക്ക് വേണ്ടിയുള്ള വെബ് പോർട്ടൽ

കേരളീയ വനിതകളെ കുറിച്ച് എൻസൈക്ലോപീഡിയ എന്ന നിലയിൽ ഒരു വെബ് പോർട്ടൽ തയ്യാറാക്കാനുള്ള സംരംഭം കോർപ്പറേഷൻ ആരംഭിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾ www.keralawomen.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

## പുതിയ തൊഴിൽ പരിശീലനങ്ങൾ

വനിതകൾക്ക് അനുയോജ്യമായ പുതിയ തൊഴിൽ മേഖലകളിൽ പരിശീലനങ്ങൾ നൽകി വരുന്നു. അലങ്കാര മത്സ്യകൃഷി, ജെറിയാട്രിക് നഴ്സിംഗ്, ബയോമെഡിക്കൽ എക്യൂപ്പ്മെന്റ് റിപ്പയറിംഗ് & സർവ്വീസിംഗ്, പരിസ്ഥിതിക്ക് അനുയോജ്യമായ കാരിബാഗ് നിർമ്മാണം, ഫാൻസി ബാഗ് നിർമ്മാണം, കമ്പ്യൂട്ടർ ഹാർഡ്വെയർ മെയിന്റനൻസ്, കമ്പ്യൂട്ടറൈസ്ഡ് ഗാർമെന്റ് ഡിസൈനിംഗ് മുതലായവയിലാണ് പരിശീലനം നൽകി വരുന്നത്.

## ബന്ധപ്പെടേണ്ട ഓഫീസുകൾ

### ഹെഡ് ഓഫീസ്:

കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, ബസന്ത്, റ്റി. സി. 20/2170, മൻമോഹൻ ബംഗ്ലാവിന് എതിർവശം, കവടിയാർ പി.ഒ., തിരുവനന്തപുരം-03, ഫോൺ : 0471- 2727668, 2727669.

**ജില്ലാ തലത്തിൽ ബന്ധപ്പെടേണ്ട ഓഫീസുകൾ:**

തിരുവനന്തപുരം: അംബാ ബിൽഡിംഗ്സ്, റിസേർവ് ബാങ്കിന് എതിർവശം, ബേക്കറി ജംഗ്ഷൻ, തിരുവനന്തപുരം, ഫോൺ : 0471- 2328257

ആലപ്പുഴ: എം.എം. ബിൽഡിംഗ്സ്, ഇരുമ്പുപാലം, കല്ലുപാലം പി.ഒ, ആലപ്പുഴ, ഫോൺ : 0477-2237128

കോട്ടയം: ഒന്നാം നില, മുനിസിപ്പൽ ഡോർ നം. 15/608, താലൂക്ക് ഓഫീസിന് സമീപം, കോട്ടയം

ഫോൺ : 0481-2565096

എറണാകുളം: ലിയോൺ അപ്പാർട്ട്മെന്റ്സ്, 41/4104-എ, സരിതാ തീയറ്ററിന് എതിർവശം, ബാനർജി റോഡ്,

എറണാകുളം, കൊച്ചി-18, ഫോൺ : 0484- 2394932

തൃശ്ശൂർ: വാരിയത്ത് പ്ലാസ, രണ്ടാം നില, മാരാർ റോഡ്, തൃശ്ശൂർ-01, ഫോൺ : 0487-2424593

കോഴിക്കോട്: കോയപ്പത്തോടി ബംഗ്ലാവ്, വയനാട് റോഡ്, പി.ഒ.എരഞ്ഞിപ്പാലം, കോഴിക്കോട് -6,

ഫോൺ : 0495-2766454

കണ്ണൂർ: എൻ.എൻ.എം. കോംപ്ലക്സ്, പള്ളിക്കുന്ന്, കണ്ണൂർ, ഫോൺ : 0497-2712077